LIBRARY ARCHIVES Kerala Legislative Assembly

**കസ്റ്റഡിയിലെടുത്ത വാഹനങ്ങളുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ**

276(2776) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണൽ കടത്തുമായി ബന്ധപ്പെട്ട് കസ്റ്റഡിയിൽ എടുത്ത വാഹനങ്ങൾ സിവിൽ സ്റ്റേഷൻ പരിസരത്ത് കൂടി കിടക്കുന്നത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കുന്നു എന്നതും ഇത്തരം വാഹനങ്ങൾ കൊതുക് വളർത്തൽ കേന്ദ്രങ്ങൾ ആകുന്നത് ഗുരുതരമായ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നു എന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പട്ടാമ്പി മണ്ഡലം പകർച്ച പനിയും, അനുബന്ധിച്ചുള്ള മരണവും കുറെയേറെ നടന്ന പ്രദേശമായതിനാൽ ഇത്തരം വാഹനങ്ങൾ എത്രയും പെട്ടന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സിവിൽ സ്റ്റേഷൻ പരിസരത്ത് വാഹനങ്ങൾ കൂടി കിടക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കുന്നുവെന്നും ഇത്തരം വാഹനങ്ങൾ കൊതുകുകളുടെ ആവാസ കേന്ദ്രങ്ങളാകുന്നുവെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) നിയമം 2013 പ്രകാരം ഒറ്റപ്പാലം റവന്യൂ ഡിവിഷനിലെ താലൂക്ക് ഓഫീസുകളിലും പോലീസ് സ്റ്റേഷനുകളിലും ബന്തവസ്സിലെടുത്തിട്ടുള്ള വാഹനങ്ങൾ എല്ലാ മാസവും 100-ൽപ്പരം വാഹനങ്ങൾ ലേലത്തിൽ വയ്ക്കുന്നതാണ്. വാഹനങ്ങൾ ലേലത്തിൽ വയ്ക്കാറുണ്ടെങ്കിലും ബന്ധപ്പെട്ട സ്റ്റേഷനിലെ സ്ഥലപരിമിതിമൂലം കുന്നുകൂട്ടിയിരിക്കുന്ന വാഹനങ്ങളിൽനിന്ന് ആയവ കണ്ടെത്തി വില നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റേഷൻ അധികാരികൾക്ക് കഴിയാറില്ല. വളരെ കുറച്ച് വാഹനങ്ങൾ മാത്രമാണ് കണ്ടെത്തി വില നിർണ്ണയിച്ച് ലേലം നടക്കാറുള്ളത്. ടി പ്രശ്നം പരിഹരിക്കുന്നതിന് ജില്ലാ പോലീസ് മേധാവി സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ലേലം ചെയ്യുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.

**കായിക സമുച്ചയം എന്ന പദ്ധതി**

277(2777) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കായിക സമുച്ചയം എന്ന പദ്ധതിയുടെ ഭാഗമായി മലപ്പുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പി. മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയത്തിന് സ്ഥലം കണ്ടെത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;